കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ ഐരാപുരം പി.എച്ച്.സി യുടെ കീഴിലുള്ള പഴയ സബ്സെൻറർ കെട്ടിടം പൊളിച്ചുമാറ്റുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (കു.ക്ഷേ) വകുപ്പ്

സ.ഉ.(സാധാ) നം. 2333 /2010/ആ.കു.വ തീയതി, തിരുവനന്തപുരം, 14.06.2010

---

പരാമർശം: 1. മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 4.12.2009-ലെ മീറ്റിംഗിലെ I (VIII)-ാം നം. തീരുമാനം.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.04.2010-ലെ എഫ്. ഡബ്ല്യൂ. എ1-31948/10 ആവഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ ഐരാപുരം പി.എച്ച്.സി യുടെ കീഴിലുള്ള പഴയ സബ്സെൻറർ കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണിച്ച് ഉപയോഗശൂന്യമായി തീർന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം മഴുവന്നൂർ ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ ആയതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ അനുയോജ്യമായ സൗകര്യങ്ങൾ ഉറപ്പാക്കി ടി സബ്സെൻററിന് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന നിബന്ധനയോടു കൂടി ഐരാപുരം സബ്സെൻററിൻെറ പഴയ കെട്ടിടം നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്ക് വിധേയമായി പൊളിച്ചുമാറ്റുന്നതിന് ഇതിനാൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി.സുരേഷ്കുമാർ

അഡീഷണൽ സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ),കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ വകുപ്പു സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റൻറിന്
സ്പാർക്ക് സെൽ